**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** | **05-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമിച്ച് നൽകിയിട്ടുണ്ടെന്നും അതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 31.01.2026 വരെ 600610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധന സഹായത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം(2021 മേയ് മുതൽ 31/01/2026 വരെ) ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 66,244 പട്ടികജാതി കുടുംബങ്ങളും 23,746 പട്ടികവർഗ്ഗ കുടുംബങ്ങളും ഭവനനിർ മ്മാണം പൂർത്തിയിക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ഇതിനായി ചെലവഴിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്. |

| ജില്ല | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|
| തിരുവനന്തപുരം | 5398 | 1041 |
| കൊല്ലം | 8137 | 248 |
| പത്തനംതിട്ട | 3482 | 263 |
| ആലപ്പുഴ | 4034 | 101 |
| കോട്ടയം | 2374 | 424 |
| ഇടുക്കി | 2090 | 2560 |
| എറണാകുളം | 4760 | 472 |
| തൃശ്ശൂർ | 6520 | 158 |
| പാലക്കാട് | 9526 | 1816 |
| മലപ്പുറം | 10198 | 4227 |
| കോഴിക്കോട് | 4710 | 729 |
| വയനാട് | 1379 | 5798 |
| കണ്ണൂർ | 1965 | 1981 |
| കാസറഗോഡ് | 1671 | 3928 |
| **ആകെ** | **66244** | **23746** |

<table>
<tr>
<td>(ബി)</td>
<td>മേൽപ്പറഞ്ഞ കാലയളവിൽ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ലൈഫ് ഭവന പദ്ധതിയിലേക്ക് ഓരോ സാമ്പത്തിക വർഷവും എത്ര തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?</td>
<td>(ബി)</td>
<td>2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ലൈഫ് ഭവന പദ്ധതി നിർവ്വഹണത്തിനായി നൽകിയ തുകയുടെ വിവരം സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)
<table>
<tr><th>സാമ്പത്തിക വർഷം</th><th>പട്ടികജാതി വകുപ്പ് നൽകിയ തുക</th><th>പട്ടിക വർഗ്ഗ വകുപ്പ് നൽകിയ തുക</th></tr>
<tr><td>2021 -22</td><td>278</td><td>140</td></tr>
<tr><td>2022-23</td><td>300</td><td>140</td></tr>
<tr><td>2023-24</td><td>195</td><td>25</td></tr>
<tr><td>2024-25</td><td>120</td><td>70</td></tr>
<tr><td>2025-26</td><td>0</td><td>70</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ